(സി) ഉണ്ട് (1-12-2010-ലെ സ.ഉ. (കയ്യെഴുത്ത്) നമ്പർ 391/2010/പൊ.ഭവ. പ്രകാരം)

(ഡി) 903 പേർ പേഴ്സണൽ സ്റ്റാഫ് പെൻഷൻ ട്രഷറിയിൽ നിന്നും വാങ്ങുന്നുണ്ട്. 1-12-2010-ലെ സ.ഉ. (കയ്യെഴുത്ത്) നമ്പർ 391/2010/പൊ.ഭവ. പ്രകാരം 1-4-1982-നോ അതിന് ശേഷമോ സർവ്വീസിലുണ്ടായിരുന്ന പേഴ്സണൽ സ്റ്റാഫിനും അവരുടെ മരണശേഷം യോഗ്യരായ ആശ്രിതർക്കും അപേക്ഷയുടെ അടിസ്ഥാനത്തിൽ പെൻഷൻ നൽകാൻ നടപടി സ്വീകരിക്കാവുന്നതാണ്.

ആശ്രിത നിയമനത്തിലെ കാലതാമസം

13 (1541) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രിതനിയമനത്തിനുള്ള എത്ര അപേക്ഷകൾ വിവിധ വകുപ്പുകളിൽ തീരുമാനമാകാതെ കിടക്കുന്നു എന്ന് വകുപ്പുതിരിച്ചും ജില്ലതിരിച്ചുമുള്ള കണക്ക് വ്യക്തമാക്കുമോ ; ഈ ഫയലുകളുടെ കാലപ്പഴക്കം എത്ര ;

(ബി) തീരുമാനമെടുത്തിട്ടും ജോലി ലഭിക്കാത്ത എത്രപേരുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഇവർക്ക് എന്നത്തേയ്ക്ക് ജോലി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ആശ്രിതനിയമനത്തിന്റെ നടപടി ക്രമങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിനും തീരുമാനം എടുത്തവർക്ക് ഉടനെ ജോലി നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിന്റെ 24-5-1999-ലെ സ.ഉ.(പി) നമ്പർ 12/99 ഉഭപവ യിലെ ചട്ടങ്ങൾ അനുസരിച്ചാണ് ആശ്രിതനിയമനം നടത്തി വരുന്നത്. കാലതാമസം കൂടാതെ നിയമനം നൽകുന്നതിന് ഈ ഉത്തരവിലെ വ്യവസ്ഥകളനുസരിച്ച് മതിയായ സംവിധാനമുണ്ട്. എന്നാൽ ഈ ചട്ടങ്ങളെക്കുറിച്ച് പലവകുപ്പുകളിലും വ്യക്തമായ ധാരണയില്ലാത്തതിനാലും ഭൂരിപക്ഷം അപേക്ഷകരും നിയമനം ലഭിക്കുന്നതിനായി എൽ.ഡി.ക്ലാർക്ക് തസ്തിക തന്നെ തെരഞ്ഞെടുക്കുന്നതിനാലുമാണ് ആശ്രിത നിയമനം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത്. ആശ്രിത നിയമനത്തിന് കാലതാമസം ഒഴിവാക്കുന്നതിന് മതിയായ ചട്ടങ്ങളുണ്ടെന്നിരിക്കെ പുതിയ നടപടികൾ സ്വീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly